# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2515 | 07.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**ക്ഷേമപെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭയുടെ കീഴിൽ വിവിധ ക്ഷേമപെൻഷനുകൾ എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം നഗരസഭയുടെ കീഴിൽ 57232 പേർക്കാണ് ക്ഷേമ പെൻഷനുകൾ അനുവദിച്ചിട്ടുള്ളത്. |
| (ബി) | ക്ഷേമപെൻഷനുകൾ വീടുകളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നഗരസഭയിൽ നിന്നും അർഹരായ എത്ര പേർക്ക് ക്ഷേമപെൻഷനുകൾ വീട്ടിൽ എത്തിച്ചു; | (ബി) | ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം നാളിത് വരെ 11920 പേർക്ക് പെൻഷൻ വീടുകളിൽ എത്തിച്ചു. |
| (സി) | ഓണത്തിനുമുൻപ് പെൻഷൻ വീട്ടിൽ എത്തിക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബേസിലെ തെറ്റുകൾ, മരിച്ച് പോയ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം മുതലായവ കണ്ടെത്തുക, പെൻഷൻ വീടുകളിൽ എത്തിക്കുന്നത് സംബന്ധിച്ച ഗുണഭോക്താക്കളുടെ ഓപ്ഷൻ സ്വീകരിക്കുക എന്നിവ ലക്ഷ്യമാക്കി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സർവ്വേ നടത്തുകയും ഇപ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷൻ വീടുകളിൽ എത്തിക്കുന്ന പദ്ധതി നടപ്പാക്കുകയുമാണ് ചെയ്തത്. എന്നാൽ ഗുണഭോക്താക്കളുടെ വാർഡ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളിലെ തെറ്റുകൾ മൂലം ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാലും ചില സ്ഥലങ്ങളിൽ ജനപ്രതിനിധികളുടെ എതിർപ്പ് മൂലം സർവ്വേ നടത്താൻ സാധിക്കാത്തതിനാലും സർവ്വേ നടപടികൾ യഥാസമയം പൂർത്തിയാക്കി പെൻഷൻ വിതരണം നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായി. വാർഡ് വിവരങ്ങളിലെ തെറ്റു മൂലം പ്രാഥമിക സഹകരണ ബാങ്കുകളുടെ സേവന പരിധിക്ക് പുറത്ത് വളരെ അകലെയുള്ള സ്ഥലങ്ങളിൽ പെൻഷൻ വിതരണം നടത്തേണ്ടി വന്നതും ചില കേസുകളിൽ വിതരണം വൈകുന്നതിന് കാരണമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ശേഷിക്കുന്ന പെൻഷൻകാർക്ക് അടിയന്തരമായി പെൻഷൻ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | 95 ശതമാനത്തിലധികം ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന പെൻഷൻകാർക്ക് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ